കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2021–ലെ ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും/ NATA സ്കോറും പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും അവസരം

01.10.2021 ലെ വിജ്ഞാപനപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. 15.09.2021 ലെ വിജ്ഞാപനപ്രകാരം മാർക്ക് സമർപ്പിച്ച വിദ്യാർത്ഥികളിൽ മാർക്ക് ലിസ്റ്റിൽ അപാകതകൾ ഉള്ളവർക്കും ഈ അവസരത്തിൽ അവ പരിഹരിക്കുക്കാവുന്നതാണ്. മാർക്ക്/ NATA സ്കോർ വിവരങ്ങൾ പരിശോധന യ്ക്കായി മേൽ വെബ്സൈറ്റിൽ **2021 ഒക്ടോബർ 06 ഉച്ചയ്ക്ക് 12 മണി വരെ** ലഭ്യമാകും. മേൽ വെബ്സൈറ്റിലെ **'KEAM 2021 Candidate Portal'** എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification for Architecture Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found Correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/ വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തിരുത്തൽ ആവശ്യമില്ലാത്തവയ്ക്ക് നേരേ **No change**-ഉം മാർക്ക് ചെയ്ത് തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പി.ഡി എഫ് ഫയൽ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ–മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.
- **CBSE നടത്തിയ മൂല്യനിർണ്ണയത്തിൽ തൃപ്തരല്ലാത്തവർക്കായി നടത്തിയ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്കായിരിക്കും അന്തിമ മാർക്കായി പരിഗണിക്കുന്നതെന്ന് സി.ബി.എസ്.ഇ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സി.ബി.എസ്.ഇ യുടെ ഒദ്യോഗിക API വഴി ലഭ്യമാക്കിയിട്ടുള്ള ഇംപ്രൂവ്മെന്റ് മാർക്ക് ഉൾപ്പെടുത്തി പുതുക്കിയ പ്ലസ് ടു മാർക്ക് അടിസ്ഥാനമാക്കിയാണ് ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ആയതിനാൽ സി.ബി.എസ്.ഇ സ്ട്രീമിൽ പഠിച്ച് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ നിർബന്ധമായും മുകളിൽ പറഞ്ഞിരിക്കുന്ന ലിങ്ക് വഴി അവരവരുടെ മാർക്കുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മാർക്കുകളിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ ഇംപ്രൂവ്മെന്റിന് ലഭിച്ച ശരിയായ മാർക്ക് രേഖപ്പെടുത്തിയ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ശരിയായ മാർക്ക് രേഖപ്പെടുത്തിയ മാർക്ക്**

**ലിസ്ററുകൾ അപ്‌ലോഡ് ചെയ്ത് അപാകത പരിഹരിക്കാത്തവരുടെ ആർക്കിടെക്ചർ റാങ്ക് സി.ബി.എ സ്.ഇ നൽകിയ API യിലെ മാർക്ക് അടിസ്ഥാനമാക്കി നിശ്ചയിക്കുന്നതായിരിക്കും.**

- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക്/ ആവശ്യമായ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാത്തവർക്കും അവരുടെ മാർക്കുകൾ പരിശോധനാ വേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ് പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവെയ്ക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ എന്നിവ അഡ്മിഷൻ കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.10.2021